little KITEs

# T. D. H. S. MATTANCHERRY

विद्याधनं

सर्वधनात् प्रधानम्

# അയനം



## DIGITAL MAGAZINE 2019-2020

# മട്ടാഞ്ചേരിയലെ  പുരാതനവിദ്യാലയം........





# വിദ്യാലയത്തിലെ പ്രിയപ്പെട്ട അധ്യാപകർ...........





"അയനം' എന്ന പേരിൽ ഒരു  ഡിജിറ്റൽ മാഗസിൻ

ടി.ഡി.ഹൈസ്കൂളിലെ 'ലിറ്റിൽ കൈറ്റ് 'അംഗങ്ങൾ

തയ്യാറാക്കുന്നു എന്നറിഞ്ഞപ്പോൾ തന്നെ അതിയായ സന്തോഷം

തോന്നി.കാരണം കാലത്തിനനുസരിച്ചുള്ള

പരിവർത്തനം വിദ്യാർഥികൾ ഉൾക്കൊള്ളുന്നു

എന്നതിനാൽത്തന്നെ.ഈ വിദ്യാർഥികൾക്കും അവർക്കു

മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ അധ്യാപകർക്കും

ആയിരമായിരം ആശംസകൾ ...............

**ബി. ജഗന്നാഥ ഷേണായ്**

**-സ്കൂൾ മാനേജർ**



പാഠ്യപ്രവർത്തനങ്ങളോടൊപ്പം പാഠ്യേത്തരപ്രവർത്തനങ്ങൾക്കും കൂടി പ്രാധാന്യംനൽകി വിദ്യാർഥികൾ പ്രവർത്തിക്കുന്നു എന്നതിനു തെളിവാണ് 'അയനം' എന്ന മാഗസിൻ.' ലിറ്റിൽ കൈറ്റ്സിന്റെ' ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർ ഥികൾക്കും അവരെ അതിനു സജ്ജരാക്കിയ അധ്യാപകർക്കും ആശംസകൾ.........

**സരള പ്രഭ ഡി.**

**-ഹെഡ്മിസ്ട്രസ്സ്**



വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ തൊട്ടുമർത്തുന്ന ഒട്ടനവധി പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിൽ നടക്കുന്നുണ്ട്. ഈ ഡിജിറ്റൽ കാലഘട്ടത്തിൽ 'അയനം' എന്ന ഈ-മാഗസിന് ഏറെ പ്രസക്തിയുണ്ട്. ഇതവരുടെ രണ്ടാമത്തെ സംരംഭമാണ് എന്നത് ഏറെ അതിശയമുലവാക്കുന്നു. കാരണം അത്രക്കു ഗംഭീരമായ ചിട്ടപ്പെടുത്തലോടെയാണ് ഈ മാഗസിൻ തയ്യാറാക്കിയിരിക്കുന്നു. ഇതിനു പിന്നിൽ പ്രവർ ത്തിച്ച വിദ്യാർ ത്ഥികളെയും, അധ്യാപകരേയും ആത്മാർഥമായി അഭിനന്ദിക്കുന്നു.

***പി. ടി. എ. പ്രസിഡന്റ്***

***വേണുഗോപാൽ കെ. പൈ***



# പത്രാധിപ സമിതി..........

പൂജ എസ് പ്രഭു. (ചീഫ് എഡിറ്റർ)
എൽ. ശ്രീകുമാർ (സ്റ്റാഫ് എഡിറ്റർ)

ഹേമാദേവി ബി.(സ്റ്റാഫ് എഡിറ്റർ)

ആശ്രിത എസ് കമ്മത്ത്.(സബ് എഡിറ്റർ)

ശിവപ്രിയ ഡി ഭട്ട്.(കമ്മിറ്റി അംഗം)

ശ്രീലക്ഷ്മീഎ.പൈ(കമ്മിറ്റി അംഗം)

ശ്രീശ്വേത് സി.എസ്(കമ്മിറ്റി അംഗം)

അനന്തേശ് (കമ്മിറ്റി അംഗം)

# എഡിറ്റോറിയൽ...................

കേരള സർക്കാർ വിദ്യാഭ്യാസ വകുപ്പ് ഏർപ്പെടുത്തിയ 'ലിറ്റിൽ കൈറ്റ്സ് ' എന്ന കുട്ടിക്കൂട്ടായ്മയിലൂടെ വിദ്യാർത്ഥികൾക്ക് ആനിമേഷൻ, മൊബൈൽ ആപ്പ് നിർമ്മാണം, പ്രോഗ്രാമിങ്ങ്, ഭാഷ ടൈപിങ്ങ്, മറ്റ് കമ്പ്യൂട്ടർ സംബന്ധമായ പ്രവർത്തനങ്ങൾ മനസ്സിലാക്കുവാനും, പഠിക്കുവാനും കഴിഞ്ഞതിൽ ഞാനും എന്റെ കൂട്ടുകാരും വളരെ അധികം സന്തോഷിക്കുന്നു. ഈ പ്രവർത്തനത്തിലൂടെ എനിക്കും, എന്റെ കൂട്ടുകാർക്കും, സ്കൂളിലെ മറ്റ് കുട്ടികൾക്കും, കഥ, കവിത, ചിത്രരചന, യാത്രാവിവരണം മുതലായവ ഉൾക്കൊള്ളുന്ന ഒരു ഇ-മാഗസിൻ തയ്യാറാക്കുവാൻ സാധിച്ചതിൽ ഞാൻ എല്ലാവരോടും കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഭാവിയിലും കുട്ടികളുടെ ഉന്നമനത്തിനുവേണ്ടി, ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് സ്കൂകൾക്കും, കുട്ടികൾക്കും, ബഹുമാനപ്പെട്ട എല്ലാ അദ്ധ്യാപകരിൽ നിന്നും എല്ലാ വിധ പ്രോത്സാഹനങ്ങളും സഹായ-സഹകരണങ്ങളും അഭ്യർത്ഥിച്ചുകൊണ്ട് ഭാവിയിൽ ഈ 'ലിറ്റിൽ കൈറ്റ്സ് ' കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ ഉന്നതങ്ങളിൽ ഉയരുവാൻ ജഗദീശ്വരനോട് പ്രാർത്ഥിച്ചുകൊള്ളുന്നു.

-എഡിറ്റർ.

**ഈ വർഷം സർവീസിൽ**

**നിന്നും വിരമിക്കുന്ന നമ്മുടെ പ്രിയപ്പെട്ട അധ്യാപകർക്ക്/അനധ്യാപകർക്ക്**

**എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്.................**



## സരള ഡി.പ്രഭ

## ഹെഡ്മിസ്ട്രസ്



ദിനേശ് ജി.

കായികാധ്യാപകൻ



**രാജശ്രീ.എം.**

**യു. പി. എസ്. ടി**



**ദിനേശ് കുമാർ ആർ**

**ക്ളർക്ക്.**


അക്ഷരദീപം
സമഗ്ര വിദ്യാഭ്യാസ പദ്ധതി – കൊച്ചി നിയോജകമണ്ഡലം
AN EDUCATIONAL PROJECT BY K.J. MAXY MLA
EXAMINATION 2018-2019
Best School Award 3rd Runner-up
(U. P Section)
To
T. D. H. S, MATTANCHERRY
For
the outstanding performance in the 'Aksharadeepam' examination,
conducted by Educational Research Institute.
K.J. MAXY MLA
Chairman
K.S. KUSUMAM
Vice Chairman &
Education Deputy Director


ടി.ഡി. ഹൈസ്ക്കൂൾ, മട്ടാഞ്ചേരി, കൊച്ചി-2
2019-20
സംസ്ഥാന ഗണിതശാസ്ത്രമേള
കലോത്സവം★ഗെയിംസ്★യോഗ
മത്സര വിജയികൾക്ക്
അഭിനന്ദനങ്ങൾ
ഗണിതശാസ്ത്ര മേള
കലോത്സവം
ഗെയിംസ്
യോഗ
by, Students-Staff-P.T.A.-Management

| **ഉള്ളടക്കം** | | പേജ് നമ്പർ |
|---|---|---|
| പുലരിയിൽ | കവിത | 13 |
| ടീച്ചറമ്മ | കവിത | 14 |
| കാട്ട് വഴി | കവിത | 15 |
| എന്റെ ജീവിതത്തോണി | കവിത | 16 |
| മഴ | കവിത | 17 |
| ഒരു തൈ നടാം | കവിത | 18 |
| വളപ്പൊട്ടുകൾ | കവിത | 19 |
| പഴഞ്ചൊല്ലുകൾ | | 20 |
| പ്രകൃതി | | 21 |
| അധ്വാനം | കഥ | 22 |
| പറയാനംപഠിക്കണം | കഥ | 23 |
| എന്റെ കേരളം | ലേഖനം | 24 |
| കാക്കയും കുയിലും | കഥ | 25 |
| പഴഞ്ചൊല്ല് | | 27 |
| ഒരു മഴക്കാലത്ത് | | 28 |
| ഒരു വയനാട് യാത്ര | | 29 |
| ബുദ്ധിയുള്ള സിംഹം | കഥ | 30 |
| എം.ടി.വാസുദേവൻ നായർ | ലേഖനം | 31 |
| ശത്രുവിന്റെ ശത്രു | കഥ | 32 |
| വരകളിലൂടെ | | 34 |
| സ്കൂൾതല പ്രവർത്തനങ്ങൾ | | 51 |

# പുലരിയിൽ



മലമുടിരന്നിൽ
പുലരിപ്പോന്മലർ
നലമേട്ട ചാർത്തീ സൂര്യൻ

ശോണിമ കവിളി-
ലണിയും കണ്മണി
കണികണ്ടൂപൊൻ സുദിനം

കള-കളഗാന-
പ്പുളകാങ്കുരമാ-
യിളകീയോളം പുഴയിൽ

ചന്ദന സുരഭീ
മന്ദാനിലനല
മന്ദസ്മിതഹിമവെണ്മ

പരിസരമാകേ
പരിശുദ്ധികൾതൻ
തിരികൾ തെളിക്കുകയായി!

സുമിത്ര എസ് പൈ

# ടീച്ചറമ്മ

നല്ലതു നല്ലതു ചൊല്ലിനമ്മെ
നല്ലവരാക്കുന്ന ടീച്ചരമ്മ
അക്ഷരമോരോന്നും കൈപിടിച്ച്
നന്നായെഴുതിക്കും ടീച്ചറമ്മ




ഇത്തിരിപ്പൂവിന്റെ പാട്ടുപാടി
നമ്മെ രസിപ്പിക്കും ടീച്ചറമ്മ
തിത്തിരിത്തത്തമ്മ മുട്ടയിട്ട
കഥകൾ പറഞ്ഞിടും ടീച്ചറമ്മ

നല്ലതു നല്ലതു ചൊല്ലിനമ്മെ
നല്ലവരാത്തുന്ന ടീച്ചറമ്മ
നേർവഴികാട്ടീടും ടീച്ചറമ്മ
അമ്മയെപ്പോലുള്ള ടീച്ചറമ്മ.

# കാട്ട് വഴി

ഇലകളിൽ ചോരുന്ന
ആകാശം പോലെ....
അരണ്യകാണ്ഡങ്ങളെ
തഴുകിയെത്തുന്ന
തുലാവർഷക്കാറ്റു പോലെ....
ഇല നാമ്പുകൾക്കടിയിലെ
മഞ്ഞിൻ തുള്ളി പോലെ....
മഴ മേഘങ്ങളിൽ നിന്നും
പൊട്ടി വീഴുന്ന ഇടവപ്പാതിപോലെ....വർണ്ണാഭമായ പൂക്കാലം
പോലെ...



# എന്റെ ജീവിതത്തോണി

എന്റെ ചിന്തകൾ
കുഞ്ഞിച്ചിറകുകൾ വീശി....
ഏതുയരം വരെ പറക്കുന്നുവോ
അവിടെവരെയാണെന്റെ ആകാശം....

എന്റെ സ്വപ്നങ്ങൾ തെളിച്ച വഴിയേ
എത്ര ദൂരം വരെ....
പാദങ്ങൾ നടന്നെത്തുന്നുവോ
അതുവരെയാണെന്റെ സാമ്രാജ്യം....

കിനാവുകൾ ചേക്കേറിയ
ഹൃദയാകാശത്തിൽ പ്രതീക്ഷയാം....
മോഹനപ്പൂക്കൾ കാട്ടിയ വഴിയേ
ഞാനെന്റെ ജീവിതത്തോണി തുഴയുന്നു....

# മഴ

മഴ മഴ മഴ മഴ മഴവന്നു
മാനത്തിന്നൊരു മഴവന്നു
മിഴികൾക്കത് സവമായ് വന്നു
മഴ മഴ മഴ മഴ മഴവന്നു
ഇടിനാദം മുഴങ്ങുകയണ്
തവളക പേക്രോം പാടുകയായി
മഴ മഴ മഴ മഴ മഴവന്നു
പാടം വെള്ളം നിറയുകയായി
ചെറുമീനുകൾ  തുള്ളിചാടുകയായി
മഴ മഴ മഴ മഴ മഴവന്നു



വിഗ്നേഷ് ദിനേഷ്.
5 ടി



ഒരു തൈ  നടാം നമുക്കമ്മയ്ക്കു വേണ്ടി.

ഒരു തൈ  നടാം കൊച്ചുമക്കൾക്കുവേണ്ടി.

ഒരു തൈ  നടാം നൂറു കിളികൾക്കുവേണ്ടി.

ഒരു തൈ  നടാം നല്ല നാളേയ്ക്കുവേണ്ടി.
ഇത് പ്രാണവായുവിനായി നടുന്നു

ഇതു മഴയ്ക്കായി തൊഴുതു നടുന്നു.
അഴകിനായ് തണലിനായ് തേൻപഴങ്ങൾക്കായ്

ഒരു നൂറു തൈകൾ നിറഞ്ഞു നടുന്നു.

- സുഗതകുമാരി.

# വളപ്പൊട്ടുകൾ



ഈ വഴി വക്കിൽ കിടന്നുകിട്ടിയെനി-
ക്കീവളപൊട്ടുകളെന്തു ഭംഗി.
ഏതു കൈത്തണ്ടു പുണർന്ന ഭാഗ്യം വെറും
പാത്രയോരത്തു നുറുങ്ങി വീണു.
എന്തിനോടെല്ലാമോ ചേർത്തിണങ്ങീ
കാന്തി ചിന്നിച്ചിരിച്ചല്ലസിഒരുനാൾ
പെയ്തൊഴിയുന്നെതു ജീവിതത്തിൽ
നഷ്ട സൗന്ദര്യമീവളപ്പൊട്ടുകളും

-ഒ.എൻ.വി.കുറുപ്പ്

# പഴഞ്ചൊല്ലുകൾ

1.മിന്നുന്നതെലാം  പൊന്നല.

2.ആപത്തിലറിയാം ചങ്ങാതി മാഹാത്യം.

3.കിട്ടിയത് കളഞ്ഞ് കിട്ടാത്തത് തേടരുത്.

4.ഒരബദ്ധം ആർക്കും പറ്റാം.

5.വിതച്ചത് കൊയ്യും.

6. ശുദ്ധൻ ദുഷ്ടന്റെ ഫലം ചെയ്യും.

7.പൊട്ടിയതും പൊട്ടാത്തതും കൊട്ടിയാലറിയും.

8.അകമേകത്തി പുമേ പത്തി.

9.രക്തബന്ധം നിലനിൽക്കും.

10.കുരയ്ക്കും പട്ടികടിക്കില്ല.

11.വിളിക്കാതെ ചെന്നാൽ ഉണ്ണാതെ പോരാം.

12.കൊച്ചിയിൽ കൊടുത്തത് കൊല്ലത്ത് കിട്ടും.

13.പാലൂട്ടിയ കൈയ്യിൽ പാമ്പും കൊത്തരുത് .

14.മുറ്റത്തെ മുല്ലയക്ക മണമില്ല .

15.എല്ലാ പുളിയും ഒരിക്കൽപൂക്കും

16.പ്രവൃത്തിയിലാണ് യഥാർത്ഥ സൗന്ദര്യം.

17.പലതുള്ളി പെരുവെള്ളം.

ദിയ.എ.ഷേണായ്

5.സി

# പ്രകൃതി

മരം പ്രകൃതിയുടെ ഒരു വരദാനമാണ്. മരം ഒരു വരമാണ്. മരങ്ങൾ വെട്ടിനശിപ്പക്കരുത് മരങ്ങൾ റോഡരികിലും മറ്റും വച്ചു പിടിപ്പിച്ചാൽ അത് മനുഷ്യനെ തണലേക്കും മരങ്ങൾകൊമണ്ട് മനുഷ്യനെ പലതരത്തിലുള്ള പ്രയോജനങ്ങൾ ഉണ്ട്. മരത്തിൻെ ചില്ലകളും ശാഖകളും വെട്ടി നശിപ്പിക്കരുത്.മരങ്ങൾ മനുഷ്യർ വെച്ചു പിടിപ്പിച്ച് സംരക്ഷിക്കണം.



## അധ്വാനം



ഒരിടത്ത് ഒരിടത്ത് ഒരു അപ്പൂപ്പനുണ്ടായിരുന്നു അയൾ ഒരു കൃഷിക്കാരനായിരുന്നു അയാൾക്ക് രണ്ടു മക്കൾ ഉണ്ടായിരുന്നു. അയാളുടെ മരണം എത്താറായി എന്ന് മനസ്സിലാക്കിയ അയാൾ അയാളുടെ രണ്ട് മക്കളെയും അടുത്തു വിളച്ച് പറഞ്ഞു നമ്മുടെ കൃഷിസ്ഥലം പൂർവികർ കൈമാറിവന്ന ഒരു സ്ഥലമാണ്. അതു നിങ്ങൾ നല്ല പോലെ സംരക്ഷിക്കണം. നിങ്ങളുടെ അത്യഗ്രഹം കൊണ്ട് ആ സ്ഥലം വിൽക്കരുത്. അവിടെ ഒരു നിഥി ഒളിപ്പിച്ചു വച്ചിട്ടുണ്ട്. ഇത് മാത്രം പറഞ്ഞു കൊണ്ട് അയാൾ വിടപറഞ്ഞു. അടുത്ത ദിവസം മുതൽ അവർ കൃഷി സ്ഥലത്ത് നിധി അൻവേക്ഷിക്കാൻ പോയി. അവർ രണ്ടുപേരും എല്ല സ്ഥലത്തും മണ്ണ് കേളച്ചിട്ടു. പക്ഷേ അവർക്ക് നിധിയോന്നും കിട്ടിയില്ല. അവർ അധ്വാനിച്ചതെല്ലാം വെറുതെയായി അപ്പോൾ അലോചിച്ചു നമ്മൾ ഇത്രയെല്ലം ചെയതു ഭാക്കിയായ കൃഷി സ്ഥലത്ത് അവർ പുതിയ വിട് വങ്ങി അവിടെ അവർ അവരുടെ അപ്പൂപ്പന്റെ ചിത്രം വെചു പറഞ്ഞു അപ്പൂപ്പന്റെ കാരണം ഞങ്ങൾ അധ്വാനം എന്താണെന്ന് പഠിച്ചു.

---

**ഒത്തു പിടിചാൽ മലയും പോരും.**

---

# പറയാനും പഠിക്കണം

അക്ബർ ചക്രവർത്തിക്ക് ജ്യോതിഷത്തിൽ കലശമായ വിശ്വാസമുണ്ടായിരുന്നു.എല്ലാ കാര്യത്തിനും ജ്യോത്സ്യന്മാരുടെ അഭിപ്രായം ആരായുക അദ്ദേഹത്തിന്റെ പതിവായിരുന്നു.ഒരു ദിവസം ചക്രവർത്തി വിചിത്രമായ ഒരു സ്വപ്നം കണ്ടു.അക്ബറിന്റെ പല്ലുകൾ ഓരോദിവസവും ഓരോന്നായി കൊഴിഞ്ഞുവീഴുന്നു.മുപ്പത്തിഒന്ന് ദിവസം കഴിഞ്ഞപ്പോൾ ഒരു പല്ല് മാത്രംബാകിവന്നു.അതു



ദീർഘകാലംയാതൊരു കേടും കൂടാതെ നിലനിൽക്കുന്നു.ആ സ്വപ്നത്തിന്റെ അർഥമറിയാൻ ചക്രവർത്തി ജ്യോത്സ്യന്മാരെയും പണ്ഢിതന്മാരെയും വരുത്തി.അവരെലാവരും ശ്രദ്ധയോടെ ചക്രവർത്തിയുടെ സ്വപ്നം കേട്ടു.ഓരോരുത്തരായി ചക്രവർത്തിയിടെ സ്വപ്നം വ്യാഖാനിക്കാൻ തുടങ്ങി.എല്ലാവരും പറഞ്ഞത് ഒരേ കാര്യമായിരുന്നു.

"മഹാരാജൻ അങ്ങയുടെ ഉറ്റമിത്രങ്ങളും ബന്ധുജന ഒരോരുത്തരായി മരിച്ച് അങ്ങയെ വിട്ടുപിരിയും ഒടുവിൽ അങ്ങ്മാത്രം ശേഷിക്കും.ബന്ധുമിത്രാദികൾ വേർപെട്ട ശേഷം ദീർഘകലം അങ്ങ് ഒറ്റയ്ക്ക് കഴിയും".


അക്ബർ രോഷാകുലനായി.എല്ലാവരെയും ശകാരിച്ചു.ആർക്കും സമ്മാനവും നൽകിയില്ല.

# എന്റെ കേരളം

നമ്മുടെ നാട് ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടാൻ കാരണമെന്താവാം
ഏറ്റവും കുറഞ്ഞ സ്ഥലത്ത ഇത്രയും പ്രകൃതി ഒരിക്കിവച്ച മറ്റൊരു പ്രദേശമില്ല.
കായലുകൾ,നദികൾ,മലകൾ,കടൽത്തീരം,നെൽവയലകൾ ഹൈറേഞ്ചുകൾ
വൈവിദ്യമാർന്ന കാലവസ്ഥ നല്ല മഴക്കാലം എന്നു തുടങ്ങി വേണ്ടതെല്ലാം
ഇന കൊച്ചുകേരളിത്തിലുണ്ട്
മനുഷ്യന്റെ കൈയേറ്റം മൂലം നെല്ലാം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്
എന്നത് വലിയൊരു ഭീഷണിയാണ്

## കേരളം

- സംസ്ഥാന വൃക്ഷം - തെങ്
- സംസ്ഥാന പുഷ്പം -കണികൊന്ന
- സംസ്ഥാന ഫലം- ചക്ക
- സംസ്ഥാന മത്സ്യം- കരിമീൻ സംസ്ഥാനം- തിരുവനന്തപുരം


Kasargod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthitta
Kollam
Thiruvananthapuram

# കാക്കയും കുയിലും





കൊതിയനും മടിയനുമാണ് കുയിൽ. നല്ലബുദ്ധിയുണ്ടായിരുന്നു കാക്കയ്ക്ക് . ഒരു ദിവസം കാക്കയും കുയിലും കണ്ടുമുട്ടി. കുയിലും പറഞ്ഞു നമുക്ക് ഒരു മത്സരം വെയ്ക്കാം. ശരി കാക്ക പറഞ്ഞു. ഈ പനയിൽ നിന്നും ആ പുഴകഴിഞ്ഞ ഒരു മാവിൽ ആരാണ് ആദ്യം എത്തുന്നത് അവർക്ക് നല്ല പഴുത്തിട്ടുള്ള രുചിയുള്ള മാങ്ങ കിട്ടും. കുയിലിന് കൊതിയായിട്ടു വയ്യ. അവർ മത്സരം തുടങ്ങി. എന്നാൽ കുയിലിന് ഒരു അഹങ്കാരമുണ്ടായിരുന്നു- അവൻ വീരനും ധൈര്യശാലിയുമാണെന്ന്. കുയിലാണ് മുന്നിൽ പറക്കുന്നത്. കുയിൽ പറക്കുന്ന വഴി ഒരു ഞാവൽ മരം കണ്ടു. ആ മരത്തിൽ നല്ല പഴുത്തിട്ടുള്ള ഞാവൽ പഴങ്ങൾ കണ്ടു. അവൻ കൊതികൊണ്ട് ഞാവൽ പഴങ്ങൾ കഴിക്കാൻ പൊയി. ഇത് കണ്ട കാക്ക ഒറ്റ പറക്കൽ. പിന്നെ കുയില് കണ്ടത് കാക്ക നല്ല പഴുത്തിട്ടുള്ള മാങ്ങ കഴിച്ചു കൊണ്ട് പൊകുന്നതാണ്.

ഗുണപാഠം- എത്ര വീരനും ധൈര്യശായുമായാലും അവസാനം എന്തെങ്കിലും ഒരു പണിപറ്റും

# പഴഞ്ചൊല്ല്

ഓണം: കാണം വിറ്റും ഓണം ഉണ്ണണം.

ചാതി: ചതി നന്നായാൽ കണ്ണാടി വേ.

അറിവ്: നിറകുടം തുളുമ്പില്ല. മൗനം വിദ്യാന ഭൂഷണം.

ഒരുമ: ഐക്യമത്യം മഹാബലം ഒന്നിച്ചാൽ നേടാം ഭിന്നിച്ചാൽ ജീവിക്കാം.

ഒത്തു പിടിച്ചാൽ മലയും പോരും.

ഒരുമയുണ്ടങ്കിൽ ഉലയ്ക്കമേലും കിടക്കാം.

വിജയം:തോൽവി വിജയത്തന്റെ ചവിട്ടുപടി.



# ഒരു മഴക്കാലത്ത്

ഒരു മഴയത്ത് അവൻ യാത്ര തുടങ്ങി.പ്രിയപ്പെട്ട ഒരു സുഹൃത്തും അവന്റെ കൂടെയുണ്ടായി.അവൻ പ്രകൃതിയെ സ്നേഹിക്കുന്ന ഒരു കുട്ടിയായിരുന്നു.അവന്റെ മാതാപിതാക്കൾ അവന് മൂന്നു വയസ്സുള്ളപ്പോൾ തന്നെ മരണപ്പെട്ടു.പിന്നീടുള്ള സഞ്ചാരങ്ങളിൽ അവന്റെ സുഹൃത്തും അവന്റെ കൂടെ ഉണ്ടായി.ഒറ്റപ്പെടൽ അനുഭവപ്പെടാത്ത രീതിയിൽ സുഹൃത്ത് അവനെ കൊണ്ടു നടന്നു.


പിന്നീട് എങ്ങോട്ടെന്നില്ലാത്ത ഒരു യാത്രയുടെ ദൃശ്യത്തിൽ വൻകാടിനെ ലക്ഷ്യം വെച്ച് കൊണ്ട് അവൻ ആ മഴയത്ത് യാത്ര അരംഭിച്ചു.പെട്ടെന്ന് ഒരു ശബ്ദം .അവർ തിരിഞ്ഞു നോക്കി.

"എന്താ ആ ശബ്ദം?" അവൻ സുഹൃത്തിനോട് ചോദിച്ചു. “അറിയില്ല ചങ്ങായി വാ നമുക്ക് നടക്കാം.” അവർ നടക്കാൻ ആരംഭിച്ചു. മഴയുടെ ശക്തി കൂടി.

# യാത്രാ വിവരണം

## ഒരു വയനാട് യാത്ര

രാത്രി 9:00 മണിക്ക് ഞങ്ങൾ വീട്ടിൽ നിന്നും ഇറങ്ങി. ഭയങ്കര വലിയ വലിയ ഹേയർപിനുകളിലൂടെയായിരുന്നു യാത്ര താമരശേരി ചുരം കടന്ന് ഞങ്ങൾ വയനാട്ടിൽ എത്തി. രാവിലെ ഒരു 8:00 മണിയായി ഞങ്ങൾ അവിടെ എത്തിയപ്പോൾ. അവിടെ ഒരു റൂം എടുത്ത് ഞങ്ങൾ ഫ്രഷ് ആയി. ഞങ്ങ ഒരു ഹോട്ടൽ പോയി ബ്രേക്ക് ഫാസറ്റ് കഴിച്ചു. അതിന് ശേഷം ഞങ്ങൾ ഇടക്കൽ കേവ്സ് കാണാൻ പോയി അപ്പോഴേക്കും ഉച്ചയായി അപ്പോൾ ഞങ്ങൾ ഒരു ഹോട്ടലിൽ കേറി ഉച്ച ഭഷണം കഴിച്ചു. അതിനു ശേഷം ഞങ്ങൾ ബാണാസുരാ സാഗർ ഡാം സന്ദർശിച്ചു. രാത്രി ഒരു റൂമ് എടുത്ത് നമ്മൾ താമസിച്ചു. രാവിലെ ഭഷണം കഴിച്ചതിന് ശേഷം ഞങ്ങൾ പഴശ്ശിരാജാടോംബ്സന്ദർശിച്ചു.



# ബുദ്ധിയുള്ള സിംഹത്തിന്റെ പേടി മാറ്റിയ കഥ

ഒരിടത്ത് ഒരിടത്ത് ഒരു സിംഹമുണ്ടായിരുന്നു. അവൻ പൂവൻ കോഴിയുടെ കുവൽ കെട്ടാൽ ഉടനെ പേടിക്കും. അങ്ങനിയിരിക്കെ ഒരു നാൾ അവൻ ഒരു കടുവ വൈദ്യന്റെ അടുത്തുപോയി കടുവയൊട് അവൻ എല്ലാം പറഞ്ഞു അപ്പോൾ കടുവ വൈദ്യൻ പറഞ്ഞു ഇതിന് എന്റെ കൈയിൽ മരുന്നില്ല നീ പോയിക്കൊള്ളു. കടുവവൈദ്യന്റെ വാക്ക് കേട്ട് വിഷമിച്ച് നടന്നപ്പോൾ അവൻ ഒരു ആനയെ കണ്ടു. അവൻ പ്രശ്നങ്ങളെല്ലാം തുറന്നുപറഞ്ഞു. അവൻ പറഞ്ഞു സഹായിക്കൻ



പറ്റുമെന്നനോക്കട്ടെ എന്ന്. അവർ രണ്ടു പേരും അത്മാർത്ഥ ചങ്ങാതികളായി. ഒരു ദിവസം സിംഹത്തിന് ഒരു സംശയം എന്റെ കൂട്ടുകാരാ എന്താ ചെവി ആട്ടികൊണ്ടുനിൽക്കുന്നത്? അവൻ ആനയോട് പറഞ്ഞു. ആന മറുപടിപറഞ്ഞു എനിക്ക് ചെള്ളിനെ പേടിയാ.അതേന്താ ചെള്ള് പേലും എന്റെ ചെവിക്കത്ത് കയറിയാൽ എന്റെ കാര്യം തീർന്ന് എന്ന പറഞ്ഞപ്പോൾ സിംഹംവിശാരിച്ചു അയ്യോ ഇത്ര കുഞ്ഞ് ജീവിയെ പേ ടിക്കുന്നുവോ അപ്പോൾ എന്റെ കാര്യമൊക്കെ വെറുതെ ഒരു പേടിയാണ്. ഞാൻ തന്നെ ഇത് മാറ്റിയെടുക്കണം. അങ്ങനെ അവർ രണ്ടുപേരും സുഖമായിജിവിച്ചു.

# എം.ടി.വാസുദേവൻ നായർ



ജ്ഞാനപീഠംജേതാവ് 1933 ജൂലൈ 15-ന് പൊന്നാനിയിലെ കൂടല്ലൂരിൽ ജനിച്ചു. ചെറുകഥയിലും നോവലിലും മൗലികമായ മാർഗം തുറന്നു. തിരക്കഥാരചനയിലെ സംഭാവനകൾ അതിനെ ഒരു സാഹിത്യ രൂപം തന്നെയാക്കി. നാലുകെട്ട്,അസുരവിത്ത് തുടങ്ങിയ നോവലുകൾ അദ്ദേഹത്തെ ജനസാമാന്യത്തിന്റെ സാഹിത്യകാരനാക്കി. മാതൃഭൂമി ആഴ്ചപ്പതിപ്പന്റെ പത്രാധിപരയിരുന്നു. അഞ്ച് ചലചിത്രങ്ങൾ തിരക്കഥയെഴുതി സംവിധാനം ചെയ്തു. മികച്ച തിരക്കഥാകൃത്തിനുള്ള പുരസ്കാരം നിരവധി തവണ നേടി. രണ്ടാമൂഴം, നാലുകെട്ട്, കാലം- തുടങ്ങിയ നോവലുകൾ പ്രഖ്യതങ്ങളാണ്. 2004- ൽ പത്മഭൂഷൺ ബഹുമതി ലഭിച്ചു. എം.ടി സംവിധാനം ചെയ്ത 'നിർമാല്യം' എന്ന സിനിമ

1974 -ൽ രാഷ്ട്ര പതിയുടെ സ്വർണമെഡൽ നേടി.

# ശത്രുവിന്റെ ശത്രു



ഒരു അത്തിമരത്തിൽ കുറെ കൊക്കുകൾ താമസിച്ചിരുന്നു.അവ്വ മുട്ടകൾ ഇട്ട് കുഞ്ഞുങ്ങളെ വിരിയിച്ച് അങ്ങനെ

സന്തോഷത്തോടെ  ജീവിച്ച് വരുകയായിരുന്നു.അങ്ങനെ ഇരിക്കെ ഒരു ദിവസം ഒരു വലിയ പാമ്പ് ആയിരത്തിന്റെ വേരുകൾക്കിടയിലുള്ള ഒരു  പൊത്തിൽ

താമസിക്കാനെത്തി.മരച്ചില്ലയിൽ കൊകുകളുടെ കൂടുകൾ

കണ്ടപ്പോൾ പാമ്പിനു സന്തോഷമായി.തീറ്റ തേടി ദൂരെയെങ്ങും

പോക്കേണ്ടല്ലോ.അന്നുമുതൽ പാമ്പ് മരത്തിൽ കയറി കൊക്കിൻ

മുട്ടകൾ തിന്നാൻ തുടങ്ങി.കൊക്കുകൾ വല്ലാതെ

വിഷമത്തിലായി.അവർക്കുപാമ്പിനെ നേരിടാനുള്ള

ശക്തിയുണ്ടായിരുന്നില്ല.അവർ കൂട്ടം കൂടി പാമ്പിനെ തുരത്താൻ

എന്തുചെയ്യാം എന്ന് ചിന്തിച്ചു. അപ്പേൾ ഒരു വയസ്സൻ കൊക്കു

പറഞ്ഞു ."നദി കരയിൽ ഒരു കീരി താമസിക്കുനുണ്ട്."കീരി

പാമ്പിന്റെ മാളത്തിനു മുന്നിലെത്തി. ഒടുവിൽ കീരി പാമ്പിനെ

കണ്ടു പാമ്പ് ഫണം വിടർത്തി കീരിയെ നേരിടാൻ മുതിർന്നു .




പക്ഷേ ഒറ്റനിയിഷംകൊണ്ട് കീരി പാമ്പിന്റെ പുറത്തു ചാടിവീണ്

അതിന്റെകഥകഴിച്ചു. കൊക്കുകൾക്കു സന്തോഷമായി. പക്ഷേ, ആ

സന്തോഷം അധികം നീണ്ടുനിന്നില്ല. യരച്ചില്ലകളിൽ ഉണ്ടായിരുന്ന കൊക്കിൻ മുട്ടകൾ കീരിയുടെ കണ്ണിൽ പെട്ടു

മുട്ടക്കൊതിയനായ അവൻ ചാടി മരത്തിൽ കയറി, കൂട്ടിൽ കണ്ട


മുട്ടകളൊക്കെ  പൊട്ടിച്ചു തിന്നാൻ തുടങ്ങി.കൊക്കിൻ

കുഞ്ഞുങ്ങളെയും അവൻ വെറുതെ വിട്ടില്ല. കൊക്കുകൾ

ദു:ഖിതരായി  ശത്രുവിന്റെ ശത്രു മിത്രമായി ക്കൊള്ളണമെന്നില്ല

എന്ന് അവർ മനസ്സിലാക്കി.

## വരകളിലൂടെ




ABHAY - VIIA





MANJIMA M. PAI - 5C




YOGESH – VI C





VISWANATH V. BHAT-VI C




ANKITHA R. MALLYA – VIII A



രാമ....രാമ
പാഹിമാം
APARNA.K
VI C










JAYAKRISHNA K.B. -XE










BY- RIZWAN.S
V.A






DONE BY -
SIVAPRIYA . D BHAT
STD 9 A






PRINCIPAL DONORS










കൊച്ചി നഗരസഭ - താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി
ഫോർട്ടുകൊച്ചി
SPC






J.R.C
JRC




HE PRAYETH BEST WHO LOVETH BEST
ALL THINGS GREAT AND SMALL


















പ്രകൃതിയും
മനുഷ്യനും






'നിങ്ങളിത്
കാണുക,
ഇതാ അവർ
ഓടിക്കഴിഞ്ഞു...'
വൈ തൻസീർ
കോൾഡ് എ
ജീനിയസ് !
asianetnews.com
വീഡിയോ കാണാം




Thank you
നന്ദി